**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1566** **10-10-2024 - ൽ മറുപടിയ്ക്ക്**

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ കെ വിജയൻ** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | നാദാപുരം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് വകുപ്പ് ഭൂമി അനുവദിക്കുന്ന വിഷയത്തിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | *എടച്ചേരി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി ഭൂമി ലഭ്യമാക്കുന്നതിന് 19.02.2018 തീയതിയിൽ എടച്ചേരി ഗ്രാമ പഞ്ചായത്തിന് അപേക്ഷ നൽകുകയും 10 സെന്റ് സ്ഥലം അനുവദിക്കുവാൻ പഞ്ചായത്ത് മീറ്റിംഗിൽ തീരുമാനമാകുകയും ചെയ്തു. അതിന്റെ അംഗീകാരത്തിനായി എടച്ചേരി പഞ്ചായത്ത് സെക്രട്ടറി 23.03.2023 തീയതിയിൽ പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശ പ്രകാരം, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അനുമതി ലഭിച്ചാൽ മാത്രമേ സ്ഥലം രജിസ്ട്രേഷൻ വകുപ്പിന് വിട്ടുകിട്ടുകയുള്ളൂ.* |
| (ബി) | ഭൂമി ലഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്തൊക്കെയെന്ന് വ്യക്തമാക്കുമോ? | (ബി) | പിരിവ് (A)-ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ